entri

# Current affairs 06 Dec 2025

### മഹാപരിനിർവാൺ ദിനം
ഡിസംബർ 06
- ഇന്ത്യയുടെ ഭരണഘടനാ ശിൽപി എന്നറിയപ്പെടുന്ന ഡോ.ബി.ആർ. അംബേദ്കറിന്റെ ചരമദിനമാണ് മഹാപരിനിർവാൺ ദിനമായി ആചരിക്കുന്നത്.
- 1956 ഡിസംബർ 6-നാണ് ഡോ.ബി.ആർ. അംബേദ്കർ അന്തരിച്ചത്.

---

### 2025ൽ സ്ഥാപിതമായതിന്റെ 75-ാം വാർഷികം ആഘോഷിച്ച കേരളത്തിലെ മെഡിക്കൽ കോളേജ്
തിരുവനന്തപുരം മെഡിക്കൽ കോളേജ്
- കേരളത്തിലെ ആദ്യത്തെ മെഡിക്കൽ കോളേജ് ആണ് 1951-ൽ സ്ഥാപിതമായ തിരുവനന്തപുരം മെഡിക്കൽ കോളേജ്.

---

### 2025ലെ ഏഷ്യൻ സീഡ് കോൺഗ്രസിന് വേദിയായത്
മുംബൈ, മഹാരാഷ്ട്ര
- 2025 Theme - Sowing the Seeds of Prosperity through Quality Seeds

---

### ഇന്ത്യൻ വ്യോമസേനയും ഫ്രഞ്ച് വ്യോമസേനയും സംയുക്തമായി നടത്തുന്ന വ്യോമാഭ്യാസം
ഗരുഡ
- 2025ലെ ഗരുഡ വ്യോമാഭ്യാസത്തിന് വേദിയായ രാജ്യം - ഫ്രാൻസ്

---

### ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസിന്റെ (ICA) ലോക സഹകരണ സാംസ്കാരിക പൈതൃകകേന്ദ്രങ്ങളുടെ പട്ടികയിൽ 2025ൽ ഉൾപ്പെട്ട കേരളത്തിലെ സ്ഥാപനം
ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
- ലോക സഹകരണ പ്രസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം പേറുന്ന 25 രാജ്യങ്ങളിലെ 31 കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയ സഹകരണ സാംസ്കാരിക പൈതൃക കേന്ദ്രങ്ങളുടെ ലോക ഭൂപടത്തിൽ ഇന്ത്യയിൽനിന്ന് ഊരാളുങ്കൽ സൊസൈറ്റിയെ കൂടാതെ ഗുജറാത്തിലെ അമൂലിന്റെ ഡോ. വർഗീസ് കുര്യൻ മ്യൂസിയവും ഉൾപ്പെടുത്തിയിട്ടുണ്ട്.


ബി.ആർ.അംബേദ്കർ




asian SEED CONGRESS

THE URALUNGAL LABOUR CONTRACT CO-OPERATIVE SOCIETY LTD. ESTD. 1925

4.8 ★ Download the app now | Learn in Malayalam